# കൃത്യമായ ഫലസിദ്ധി
# ദേവീമാഹാത്മ്യത്തിലൂടെ

**പ്രൊഫ. കെ. വാസുദേവനുണ്ണി**

*(വിവിധ കോളേജുകളിൽ സംസ്കൃതം പ്രൊഫസറായിരുന്നു. ജ്യോതിഷപണ്ഡിതൻ. നിരവധി ആധ്യാത്മികഗ്രന്ഥങ്ങളുടെ കർത്താവ്).*

ദേവീമാഹാത്മ്യപാരായണം കൃത്യമായി ഫലം നൽകുന്ന ഒരു ഉപാസനാകർമ്മമാണ്. ചിലപ്പോൾ അത് അത്ഭുതകരമായിത്തന്നെ ശുഭാനുഭവങ്ങളേകുന്നു. അനേകരുടെ അനുഭവങ്ങൾ അടുത്തറിഞ്ഞതിൽ നിന്നു മാത്രമല്ല സ്വാനുഭവങ്ങളിൽനിന്നും ഇതു പറയാൻ കഴിയും.

ശ്രീ. എസ്. ഹരിഹരകൃഷ്ണശർമ്മ ലളിതമായും അതേസമയം ആധികാരികമായും പരിഭാഷപ്പെടുത്തിയ ദേവീമാഹാത്മ്യം സമ്പൂർണ്ണമായി സി.ഡിയിൽ ആക്കുന്നതിനുവേണ്ടി പാരായണം ചെയ്യാൻ സാഹചര്യമുണ്ടായി. ഗ്രന്ഥത്തിൽ അക്ഷരത്തെറ്റുകളും പാരായണത്തിൽ ഉച്ചാരണവൈകല്യങ്ങളും ഒഴിവാക്കാൻ അതിസൂക്ഷ്മമായ പരിശോധനകളും ശ്രമങ്ങളുമുണ്ടായി. അന്നു മുതൽ ആ ഗ്രന്ഥം എന്റെ ജീവിതത്തിന്റെ ഭാഗമായി മാറി. ദേവീമാഹാത്മ്യത്തിന്റെ അത്ഭുതകരമായ ഫലദാനശേഷിയെക്കുറിച്ച് കൂടുതൽ അറിയാനും അനുഭവിക്കാനും കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട ചില ചിന്തകൾ വായനക്കാരുമായി പങ്കുവയ്ക്കട്ടെ.

**കുടുംബത്തിന് ഐശ്വര്യമേകുന്ന ദിവ്യസാന്നിദ്ധ്യം**

ദേവീമാഹാത്മ്യം മന്ത്രാത്മകമായ ഒരു സ്തോത്രം മാത്രമല്ല. അതിശക്തമായ ഒരു യന്ത്രത്തിന്റെ ഫലംകൂടി ദേവീമാഹാത്മ്യം നൽകുന്നു. ഈ ഗ്രന്ഥം ഓലയിലെഴുതി ചുവന്ന പട്ടിൽ പൊതിഞ്ഞ് തറവാടുകളിൽ സൂക്ഷിക്കുന്ന പതിവ് മുമ്പുണ്ടായിരുന്നു. കുടുംബത്തെ ബാധിക്കുന്ന ബാധോപദ്രവങ്ങൾ, ദുരിതങ്ങൾ, സുകൃതക്ഷയം തുടങ്ങിയവയ്ക്ക് കൃത്യമായ പരിഹാരമാണ് ആ കുടുംബത്തിൽ ദേവീമാഹാത്മ്യത്തിന്റെ സാന്നിധ്യമുണ്ടാവുക എന്നത്. ഒരു വീടായാൽ അവിടെ ഒരു ദേവീമാഹാത്മ്യംകൂടി വേണം എന്നതായിരുന്നു പഴയ ചിട്ട. അവിടെ പാരായണംകൂടി നടന്നാൽ ഫലം അത്ഭുതകരമായിരിക്കും. നാമറിയാതെതന്നെ പല ദുഷ്ടശക്തികളും ബാധോപദ്രവങ്ങളും ശത്രുക്കളുടെ ദുഷ്ടപ്രാർത്ഥനകളുമൊക്കെ നമ്മെ ബാധിക്കാം. അതിന്റെ ഫലമായി, കാരണം കണ്ടെത്താൻ കഴിയാത്തവിധത്തിൽ പല ദുരിതങ്ങളും ക്ലേശങ്ങളും നമുക്കുണ്ടാകാം. ഇവയ്ക്ക് ഏറ്റവും നല്ല പരിഹാരമാണ് ദേവീമാഹാത്മ്യം. അതുകൊണ്ടുതന്നെ കുടുംബത്തിലും ഓഫീസിലും വാഹനത്തിലും ഈ ഗ്രന്ഥം സൂക്ഷിക്കുന്നത് സുരക്ഷയും ശാന്തിയുമേകും എന്നതാണനുഭവം.

**കൃത്യമായ ശുഭാനുഭവങ്ങൾ**

കുടുംബപ്രശ്നങ്ങൾ, ജാതകപ്രശ്നങ്ങൾ, അകാരണമായ ദുരിതങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പലരും സമീപിക്കാറുണ്ട്. ഇവരിൽ പലർക്കും ഞാൻ ദേവീമാഹാത്മ്യപാരായണമാണ് നിർദ്ദേശിച്ചു നൽകാറുള്ളത്. കുടുംബദുരിതങ്ങൾക്ക് പരിഹാരം ചെയ്യാൻ പോയാൽ പലപ്പോഴും എങ്ങുമെത്തണമെന്നില്ല. തലമുറകളായി കൈവരുന്ന ദോഷങ്ങൾക്ക് കാരണം കൃത്യമായി കണ്ടെത്തുക എന്നതും, കണ്ടെത്തിയാൽതന്നെ കൃത്യമായി പരിഹാരങ്ങൾ ചെയ്യുക എന്നതും ശ്രമകരമായിരിക്കും. പ്രത്യേകിച്ച് ഇന്നത്തെ കാലത്ത്. ഈ ഘട്ടത്തിൽ ദേവീമാഹാത്മ്യപാരായണമാണ് ഏറ്റവും സ്വീകാര്യമായ പരിഹാരകർമ്മം എന്ന് പലരുടെയും അനുഭവങ്ങളിൽനിന്ന് പറയാൻ കഴിയും.

തിരുവനന്തപുരത്തെ പ്രശസ്തമായ ഒരു തറവാട്ടിൽ ദുരിതങ്ങൾ അകലുന്നില്ല. ഡോക്ടർമാരും ഉന്നത ഉദ്യോഗസ്ഥരും മറ്റുമുള്ള കുടുംബമാണ്. തറവാട്ടുവളപ്പിൽത്തന്നെ അവരുടെ കുടുംബക്ഷേത്രവുമുണ്ട്. കാലാകാലങ്ങളായി പല പരിഹാരകർമ്മങ്ങളും പ്രായ്ശ്ചിത്തങ്ങളും ചെയ്തിട്ടും ദുരിതങ്ങൾ അകലുന്നില്ല. ഇതിനിടയിലാണ് ആ കുടുംബത്തിലെ ഒരു ഡോക്ടർ എന്റെ വീട്ടിൽ വരുന്നത്. ഹരിഹരകൃഷ്ണശർമ്മസാർ പരിഭാഷപ്പെടുത്തിയ ദേവീമാഹാത്മ്യം എന്റെ മേശപ്പുറത്ത് ഇരിക്കുന്നതു കണ്ട് അവരത് എടുത്തു നോക്കി. ആരെയും സ്വാധീനിക്കുന്ന എന്തോ ഒരു ചൈതന്യവിശേഷം ആ ഗ്രന്ഥത്തിനുണ്ടല്ലോ. ആ ഗ്രന്ഥം ഞാൻ അവർക്കു നൽകി. ലളിതവും സംസ്കൃതപരിചയമില്ലാത്തവർക്കും പാരായണം ചെയ്യാൻ കഴിയുന്നതുമായിരുന്നു ആ ഗ്രന്ഥം. അതുകൊണ്ടുതന്നെ അവർ ദേവീമാഹാത്മ്യപാരായണം ആരംഭിച്ചു. ഇന്ന് ആ കുടുംബത്തിൽ ദുരിതങ്ങൾ അകലുകയും തറവാടും ക്ഷേത്രവുമൊക്കെ ഗംഭീരമായി നവീകരിക്കുകയും ചെയ്തിരിക്കുന്നു. എന്റെ കൺമുന്നിൽ നടന്ന അനുഭവമാണിത്.

മറ്റൊരിക്കൽ ഒരു പ്രഭാഷണവേദിയിൽനിന്നു പുറത്തിറങ്ങവേ രണ്ടു പേർ എന്റെ സമീപത്തേക്കു വന്നു. ഒരു സ്ത്രീയും പുരുഷനും. കുറച്ചു നാൾ മുമ്പ് എന്നെ കാണാനെത്തിയ ഭാര്യാഭർത്താക്കൻമാരായിരുന്നു അവർ. ക്ലേശങ്ങളും ദുരിതങ്ങളും അകലുന്നില്ല. ഞാൻ അവരുടെ ജാതകത്തിലേക്കും കുടുംബ

പ്രശ്നത്തിലേക്കുമൊന്നും പോയില്ല. ദേവീമാഹാത്മ്യം പതിവായി പാരായണം ചെയ്യാൻ നിർദ്ദേശിച്ചു. മുഴുവനും പാരായണം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ 11-ാം അദ്ധ്യായമെങ്കിലും നിത്യവും പാരായണം ചെയ്യുക. അവരാണ് എന്റെ മുമ്പിലേക്കു വന്നത്. നിർദ്ദേശമനുസരിച്ച് ദേവീമാഹാത്മ്യം വാങ്ങി ഇപ്പോൾ നിത്യവും പാരായണം ചെയ്തു വരുന്നു. ദുരിതങ്ങളും കടവുമൊക്കെ അത്ഭുതകരമായിത്തന്നെ മാറിവരുന്നു. ആ നന്ദി അറിയിക്കാനാണ് അവർ എത്തിയത്. ഇത്തരം എത്രയോ അനുഭവങ്ങൾക്ക് ഞാൻ സാക്ഷിയാണ്! ഇതാണ് ദേവീമാഹാത്മ്യത്തിന്റെ അത്ഭുതകരമായ ഫലദാനശേഷി.

**ഗ്രഹദോഷങ്ങൾ അകലുന്നതിന്**

ജന്മനാ ഉള്ള ഗ്രഹദോഷങ്ങൾ അഥവാ ജാതകദോഷങ്ങൾ പരിഹരിക്കുക പലപ്പോഴും ശ്രമകരമായിരിക്കും. ഈ ഘട്ടത്തിൽ ദേവീമാഹാത്മ്യപാരായണം കൃത്യമായിത്തന്നെ ജാതകദോഷങ്ങൾ അകറ്റികളയുന്നു. ദേവീമാഹാത്മ്യത്തിൽതന്നെ (അദ്ധ്യായം:12-15,16 ശ്ലോകങ്ങൾ) ഇതു സുവ്യക്തമായി പറയുന്നുണ്ടല്ലോ. ദേവീമാഹാത്മ്യം ജീവിതത്തിന്റെ ഭാഗമായാൽപ്പിന്നെ ഗ്രഹദോഷങ്ങൾ, ദശാകാലദോഷങ്ങൾ തുടങ്ങിയവയെക്കുറിച്ചൊന്നും ചിന്തിക്കുകയേ വേണ്ട എന്നത് പലരുടെയും അനുഭവമാണ്.

**ധനപുഷ്ടിക്കും ഐശ്വര്യലബ്ധിക്കും**

ഹിന്ദുസങ്കല്പത്തിൽ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണല്ലോ പുരുഷാർത്ഥങ്ങൾ. ഇതിൽ ധർമ്മശാസ്ത്രഗ്രന്ഥം മനുസ്മൃതിയും അർത്ഥശാസ്ത്രഗ്രന്ഥം ദേവീമാഹാത്മ്യവും കാമശാസ്ത്രഗ്രന്ഥം വാത്സ്യായനവിരചിതമായ കാമശാസ്ത്രവും മോക്ഷശാസ്ത്രഗ്രന്ഥം ഭഗവദ്ഗീതയുമാണ് എന്നതു പ്രസിദ്ധമാണ്. അർത്ഥശാസ്ത്രമായതുകൊണ്ടുതന്നെ ദേവീമാഹാത്മ്യപാരായണം ധനപുഷ്ടികരവും ഐശ്വര്യപ്രദവുമായിരിക്കും എന്നത് വ്യക്തം. ചില ജാതകപ്രത്യേകതകൾ, ദുർയോഗങ്ങൾ, കുടുംബദോഷങ്ങൾ, ശത്രുക്കളുടെയും മറ്റു ബാധകളുടെയും ഉപദ്രവങ്ങൾ- ഇങ്ങനെ പലതും ഐശ്വര്യക്ഷയത്തിനു കാരണമാകാം. ഈ ദോഷങ്ങളെയൊക്കെ അതിശക്തമായി ഇല്ലാതാക്കുന്നതാണ് ദേവീമാഹാത്മ്യം. ദേവിയുടെ അനുഗ്രഹത്താൽ, പഞ്ഞിക്കെട്ടിനു തീപിടിക്കുന്നതുപോലെ ഈ ഉപദ്രവങ്ങൾ നശിക്കുന്നു.

തിരുവനന്തപുരത്ത് ഐശ്വര്യവതിയായ ഒരമ്മയുണ്ട്. ദുരിതാനുഭവങ്ങൾ പറയുന്നവർക്ക് അവർ ഒരു ദേവീമാഹാത്മ്യം വാങ്ങിനൽകും. 'ഞാൻ എത്ര ദേവീമാഹാത്മ്യം എത്രപേർക്കു വാങ്ങിനൽകിയിട്ടുണ്ട് എന്ന് എനിക്കുതന്നെ ഓർമ്മയില്ല. അവരിൽ പലരും ദോഷങ്ങൾ മാറി ശാന്തിയോടെ കാണാൻ വരുമ്പോൾ തോന്നുന്ന സംതൃപ്തിയും സന്തോഷവും വളരെ വലുതാണ്.' അവർ പറഞ്ഞു. ആരോഗ്യത്തോടും ഐശ്വര്യത്തോടും ആ അമ്മ എൺപതുകളിൽ സുഖമായി ജീവിക്കുന്നു. ദേവീമാഹാത്മ്യം ദാനം ചെയ്യുന്നതിന്റെ സദ്ഫലം!

ഈ ദേവീമാഹാത്മ്യചിന്തകൾ ഞാൻ പങ്കുവച്ചത് കുറച്ചു പേർക്കെങ്കിലും ശാന്തിയും ഐശ്വര്യവും ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെയാണ്. ദുരിതങ്ങൾ അകലാൻ തുടങ്ങുന്ന കാലത്താണ് ദേവീമാഹാത്മ്യത്തോടു താത്പര്യം വരുക എന്നാണ് പറയാറുള്ളത്. ആ താത്പര്യം അവഗണിക്കാതെ ഭക്തിപൂർവ്വം ദേവിയെ ശരണം പ്രാപിക്കൂ.

പ്രശ്നപരിഹാരങ്ങൾക്കായി ജ്യോതിഷത്തെ ശരണം പ്രാപിക്കുമ്പോഴും പരിഹാരകർമ്മങ്ങൾ ചെയ്യുമ്പോഴും ഓർമ്മിക്കേണ്ട ചില കാര്യങ്ങളുണ്ട്. ജോത്സ്യൻമാർക്കും ചിലപ്പോൾ തെറ്റുപറ്റാം. പരിഹാരകർമ്മങ്ങൾ പിഴയ്ക്കാം. എന്നാൽ ദേവീമാഹാത്മ്യത്തിന് തെറ്റു പറ്റുകയില്ല. കാരണം, അത് ദേവിതന്നെയാണ്. അമ്മയെപ്പോലെ വാത്സല്യപൂർവ്വം ആ ഗ്രന്ഥം നമ്മെ കാത്തുകൊള്ളും. ഭക്തിയോടും വിശ്വാസത്തോടും ദേവീമാഹാത്മ്യത്തെ അഭയം പ്രാപിച്ചാൽ മാത്രം മതി.